പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 299 — 01-12-2014-ൽ മറുപടിയ്ക്ക്

## ഒളിക്യാമറകേസ് അന്വേഷണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സാജു പോൾ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോര്ട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) ഒളിക്യാമറ അനാശാസ്യ കേസിലെ പ്രതി ആലപ്പുഴ പരവൂർ സ്വദേശി ജയചന്ദ്രൻ ഉൾപ്പെടെയുള്ള സംഘത്തിന് വനം വകുപ്പ് അധികൃതർ സൗകര്യങ്ങൾ ഒരുക്കിക്കൊടുത്തത് സംബന്ധിച്ച് വനം വകുപ്പ് ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ നിർദ്ദേശ പ്രകാരം നടത്തിയ അന്വേഷണത്തിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; | (എ) അന്വേഷണ റിപ്പോർട്ട് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സസ് മുൻപാകെ ലഭിച്ചിട്ടുണ്ട്. |
| (ബി) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ ; | (ബി) മൂന്നാർ റെയിഞ്ചിലെ ഇടമലക്കുടി ട്രൈബൽ സെറ്റിൽമെന്റിൽ സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള സാധ്യതാ പഠനം നടത്തുന്നതിനായി മൂന്നാർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, |

ഇടമലക്കുടി പഞ്ചായത്ത് സെക്രട്ടറി എന്നിവരുടെ അനുവാദത്തോടെ ശ്രീ.ജയചന്ദ്രൻ വനം വകുപ്പ് ജീവനക്കാരോടൊപ്പം ഇടമലക്കുടി ട്രൈബൽ സെറ്റിൽമെന്റിലേക്ക് പോയിട്ടുണ്ടെന്നും എന്നാൽ ടി യാത്രയിൽ വനം വകുപ്പിന്റെ വാഹനം ദുരുപയോഗം ചെയ്തതായോ വനം വകുപ്പ് ജീവനക്കാർ തങ്ങളുടെ കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയിട്ടുള്ളതായോ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല എന്ന് അന്വേഷണ റിപ്പോർട്ടിൽ പരാമർശിച്ചു. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മറ്റ് തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

| | |
|---|---|
| (സി) പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ ? | (സി) മേശപ്പുറത്ത് വയ്ക്കാവുന്നതാണ്. (അനുബന്ധമായി ചേർക്കുന്നു). |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**